വനസംരക്ഷണം
മാനവജാതിയുടെ സംരക്ഷണം






## കീരിപ്പാറ പായ്ക്കേജ്

### ട്രക്കിംഗ് & ക്യാമ്പ്

കുറഞ്ഞത് 2 വ്യക്തികൾ – ₹4300 (₹2150 ഒരാൾക്ക്)
മാക്സിമം 5 വ്യക്തികൾ – ₹ 8500
(₹ 1500 കൂടുതലായി വരുന്ന ഓരോ വ്യക്തിക്കും)

താത്പര്യമുള്ള സന്ദർശകർക്ക്

ടെന്റിൽ താമസിക്കുവാനുള്ള സൗകര്യം

മുൻകൂട്ടി ബുക്ക് ചെയ്തിരിക്കുന്ന സന്ദർശകർ ഒന്നാം ദിവസം 3 pm-നു മുൻപായി മുക്കാലി ഇൻഫൊർമേഷൻ ഓഫീസിൽ എത്തിച്ചേരേണ്ടതാണ്. തുടർന്ന് കീരിപ്പാറയിലേക്ക് 5 കി.മീ നീളുന്ന ട്രക്കിംഗ്. രണ്ടാം ദിവസം 8.30 am-ന് ക്യാമ്പ് അവസാനിക്കുന്നു. തുടർന്ന് മുക്കാലിയിലേക്ക് മടക്കം.

ഭക്ഷണം തയ്യാറാക്കുന്നതിനുള്ള സാധനങ്ങളുമായി വരുന്ന സന്ദർശകർക്ക്, പാചകം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ക്യാമ്പിൽ ലഭ്യമാണ്.



സൈലന്റ് വാലിയിൽ എത്തിച്ചേരുവാൻ :
പാലക്കാട് : 53 കി.മീ. കോയമ്പത്തൂർ : 62 കി.മീ.

കാടിന്റെ പച്ചപ്പിലലിയാൻ...

# കീരിപ്പാറ

ഓർമ്മയിൽ ഒരിടം...



സൈലന്റ്‌വാലി
നാഷണൽപാർക്ക്


ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി
സൈലന്റ് വാലി നാഷണൽ പാർക്ക്
മണ്ണാർക്കാട് പി.ഒ, പാലക്കാട് - 678582
ഫോൺ : 8589895652, 9645586629
ഇ-മെയിൽ : mail@silentvalley.gov.in

വനങ്ങൾ നമ്മുടെ ഭാവി തലമുറയുടെ സ്വത്താണ്.
നാം അതിന്റെ സംരക്ഷകർ മാത്രവും.

പ്രകൃതിയാണ് മനുഷ്യന്റെ എറ്റവും വലിയ ഗുരു



## കീരിപ്പാറ: അട്ടപ്പാടി മലനിരയിലൊരു താവളം

എല്ലാ കാലത്തും മനുഷ്യന്റെ സാഹസിക സഞ്ചാരങ്ങളുടെ ലക്ഷ്യ സ്ഥാനമാണ് മലനിരകൾ. നിരീക്ഷണ മേടകൾ പോലെയുള്ള മലമുടിയിൽ നിന്നാൽ നാലുചുറ്റും പ്രകൃതിയൊരുക്കുന്ന പച്ചപ്പിന്റെ കടൽക്കാഴ്ചകൾ മാത്രം. കീരിപ്പാറയും സമാനം. കൺനിറയെ പച്ചയുടെ കയറ്റിയിറക്കങ്ങൾ. കോടാനുകോടി ജീവസ്പന്ദനങ്ങളെ ഉള്ളിൽ ഒളിപ്പിച്ചു വയ്ക്കുന്ന മഴക്കാടിന്റെയും ഋതുക്കൾക്കൊപ്പം വർണ്ണച്ചാർത്തൊരുക്കുന്ന ഇലപൊഴിയും കാടുകളുടെയും കുത്തനെയുള്ള മലഞ്ചെരിവുകളുടെയും, താഴ്‌വരകളുടെയും വിസ്മയക്കാഴ്ച. കാടിനെ തഴുകിയെത്തുന്ന ഇളം കാറ്റിന്റെ ശുദ്ധി നുകർന്ന് വിശ്രാന്തിയോടെ ഒരു നിമിഷം...

കാഴ്ചയുടെ അപാരതകളിലേക്ക് കൺതുറക്കുന്ന കീരിപ്പാറയിലേക്ക് സൈലന്റ്‌വാലി നിങ്ങളെ ഹൃദയപൂർവ്വം ക്ഷണിക്കുന്നു. അഞ്ചു കിലോമീറ്റർ ഉൾക്കാട്ടിലുള്ള കീരിപ്പാറയിലേക്ക് വനംവകുപ്പ് ഒരുക്കിയിരിക്കുന്ന ട്രക്കിംഗ് യാത്രികരെ ആവേശത്തിലാക്കും. ഇവിടെ നിങ്ങൾക്കു കൂട്ടായി നീലഗിരി ക്കുന്നുകളുടെ വശ്യതയുണ്ട് . കാടിന്റെ നിറവും ഗന്ധവും രാവിന്റെ വന്യത യുമുണ്ട്. പിന്നെ പേരറിയാവുന്നതും അറിയാത്തതുമായ അനേകം ജീവ ജാലങ്ങളുടെ സാമീപ്യവും. വനജീവിതത്തിന്റെ തുടിപ്പുകളറിയുവാനുള്ള ഏറ്റവും മികച്ച അവസരമാണ് കീരിപ്പാറയിൽ സന്ദർശകരെ കാത്തിരിക്കുന്നത്.









നിശബ്ദ താഴ്‌വരയിലെ മഴക്കാടുകൾ, ഇലപൊഴിയും കാടുകളിലേക്ക് കൂടിച്ചേരുന്നിടത്താണ് കീരിപ്പാറ. ചുറ്റുപാടും വിശാലമായ പുൽമേടുകളും പച്ച പുതച്ച മലനിരകളും. അട്ടപ്പാടി മലനിരകളുടെയും താഴ്‌വാരങ്ങളുടെയും ആദിമമായ വന്യജീവിതത്തിന്റെയും അനുഭവം തേടിയെത്തുന്നവർക്ക് കീരിപ്പാറ യിലെ ഒരു രാവും പകലും മറക്കുവാനാകില്ല. പ്രകൃതി പഠനസംഘങ്ങൾക്ക് എല്ലാ വിധ സുരക്ഷാ സംവിധാനങ്ങളോടും കൂടിയുള്ള ട്രക്കിംഗും ക്യാമ്പുമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. കീരിപ്പാറയിൽ എത്തിച്ചേരുന്ന സന്ദർശകർക്ക് സൈലന്റ് വാലി നാഷണൽ പാർക്കിലെ ജീവനക്കാരുടെ വനസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനുള്ള അവസരവുമുണ്ട്.

